I/89168/2023

**ഭരണഭാഷ മാതൃഭാഷ**

No: TCPTVM/292/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm@gmail.com
tptvm.lsgdplng@kerala.gov.in
തീയതി 17-03-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ.

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവ നന്തപുരം - കെട്ടിട നിർമ്മാണം കൺകറ ൻസ്- സംബന്ധിച്ച്.

സൂചന :
1. Sri. Ajith. എന്നയാൾ 17.12.2022-ൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 23.01.2023 ലെ TCPTVM/1645/2022 നമ്പർ കത്ത്.
3. Sri. Ajith. V എന്നയാളുടെ 28.01.2023-ലെ അപേക്ഷ.
4. കൺകറൻസ് കമ്മിറ്റിയുടെ 02.03.2023-ലെ 142-ആം യോഗ തീരുമാ

സൂചനകൾ കണ്ടാലും.

തിരുവനന്തപുരം നഗരസഭയിൽ മണക്കാട് വില്ലേജിൽ റീ സർവ്വേ നമ്പർ: 1-13/108, പഴയ സർവ്വേ നമ്പർ: 827/C,827/D- ൽ ഉൾപ്പെട്ട 172.ച.മീ വസ്തുവിൽ Sri. Ajith. V യുടെ ഉടമസ്ഥതയിൽ 138.54 ച.മീ തറ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിന് സൂചന(1) മുഖേന ലഭിച്ച അപേക്ഷ 09/01/2023-ൽ നടന്ന 141-ആം ഗ്രീൻ സ്ലിപ്പ് കൺകറൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും റിവൈസ്ഡ് പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് നിബന്ധനകളോട് കൂടി Concurrence അനുമതി നൽകാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിക്കുകയും, ടി തീരുമാനം സൂചന (2) പ്രകാരം അപേക്ഷകനെ അറിയിക്കുകയും, സൂചന (3) പ്രകാരം റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുകയും, സൂചന (4)-ലെ തീരുമാനപ്രകാരം ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കൺകറൻസ് അനുവദിക്കുകായും ചെയ്യുന്നു.

1. നിർദ്ദിഷ്ട നിർമ്മാണ വസ്തുവിൻറെ ഉടമസ്ഥാവകാശം, റവന്യൂ വിവരങ്ങൾ, അതിർത്തി അളവുകൾ എന്നിവ ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. ടി നിർമ്മാണം നിലവിലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (2008) അനുബന്ധ ഭേദഗതി/ KLU order , കൂടാതെ ഇതുമായി ബന്ധപ്പെട്ട് സമയാ സമയങ്ങളിലെ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഹൈക്കോടതി വിധികൾ എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തിയിരിക്കണം.

I/89168/2023

3. നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർദ്ദിഷ്ട നിർമ്മാണം, പ്രദേശത്തെ ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണത്തിനോട് ചേർന്നുള്ള പ്ലോട്ടുകളിലെ നിർമ്മാണങ്ങൾ നിയമാനുസൃതമായിരിക്കണം.(authorised)
6. നിർ ദ്ദിഷ്ട നിർമ്മാണം ഏക കുടുംബ വാസഗൃഹത്തിനായിരിക്കണം കൂടാതെ വിസ്തീർണ്ണം, ഉപയോഗം എന്നിവ മാറ്റാൻ പാടില്ലാത്തതുമാണ്.
7. നിലവിലുള്ള നിയമങ്ങൾ പ്രകാരം മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യം നേടേണ്ടതായ അനുമതികൾ / അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
8. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കൺകറൻസ് മാത്രമാണ് നല്കുന്നത്. ആയതിനാൽ ബാധകമായ മറ്റു എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചിരിക്കണം.
9. പ്ലോട്ട് വെള്ളപ്പൊക്ക സാധ്യത ഉള്ള പ്രദേശമായതിനാൽ പ്ലിന്തിനു പരമാവധി ഉയരം നൽകേണ്ടതാണ്.
10. പ്ലോട്ടിനകത്തു നൽകിയിരിക്കുന്ന തുറസായ സ്ഥലങ്ങൾ ജലം പരമാവധി മണ്ണിലേയ്ക്ക് ഊർന്നിറങ്ങുവാൻ ഉതകുന്ന വിധത്തിൽ നിലനിർത്തേണ്ടതാണ്.(shall be kept unpaved)

Signed by
Rajesh T N
Date: 17-03-2023 16:52:36

വിശ്വസ്തതയോടെ

RAJESH T N
TOWN PLANNER

ഉള്ളടക്കം:- കൺകറൻസ് രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)

പകർപ്പ്:അപേക്ഷകൻ,(അറിവിലേയ്ക്കായി)

Sri.Ajith.V,
T.C 67/1755(1), Kavil Veedu,
Ambalathara,Poonthura P.O,
TVPM - 695026.